2013-14	535623.996	175.75	175.75
2014-15	550055.780	215	215
2015-16	192260.246 (10-2-2016 വരെ)	315	249

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ

12(*132) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) മുൻകാലങ്ങളിലുണ്ടായിരുന്നതിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് പ്രസ്തുത ഉത്തരവിൽ ഉള്ളത് എന്നറിയിക്കാമോ;

(സി) മാർഗ്ഗ നിർദ്ദേശങ്ങൾക്ക് രൂപം നൽകുന്ന വേളയിൽ പുതിയ ഭരണ സമിതികൾക്ക് ഈ മേഖലയിലുള്ള പരിചയക്കുറവ് കണക്കിലെടുത്തിരുന്നുവോ;

(ഡി). പുതിയ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളിൽ നിന്നും ആക്ഷേപങ്ങളും പരാതികളും ലഭിച്ചിട്ടുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഉണ്ട്. 11-1-2016-ൽ സ.ഉ. (എം.എസ്.) 4/2016/തസ്വഭവ. നമ്പർ ആയി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി പുതിയ മാർഗ്ഗരേഖയിൽ വരുത്തിയിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1. സേവാഗ്രാം/ഗ്രാമകേന്ദ്രം, വാർഡ് വികസനസമിതി, അയൽസഭ എന്നിവ സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവ്/സർക്കുലർ എന്നിവയുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ചെയ്യേണ്ടതായ കാര്യങ്ങളും അയൽസഭ, വാർഡ് വികസനസമിതി എന്നിവയുടെ അവകാശങ്ങളും പുതിയ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. അഞ്ച് ലക്ഷമോ അതിൽ കൂടുതലോ അടങ്കൽ തുകയുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ഇ-ടെണ്ടർ നിർബന്ധമാക്കിയിട്ടുണ്ട്.

3. നിർമ്മാണ പ്രവർത്തികളുടെ എസ്റ്റിമേറ്റുകൾ സുഗമ സോഫ്റ്റ്വെയറുകളുടെ സഹായത്തോടെ തയ്യാറാക്കേണ്ടതാണ്.

4. ഗുണഭോക്തൃസമിതി മുഖേന ചെയ്യേണ്ട പ്രവൃത്തികളിൽ അയൽസഭകളെ ഗുണഭോക്തൃസമിതിയായി കണക്കാക്കി നിർമ്മാണ ചുമതല ഏൽപ്പിക്കേണ്ടതാണ്.

5. പട്ടികജാതി പട്ടികവർഗ്ഗ യുവജന വികസനത്തിനുവേണ്ടി എസ്.സി.പി., ടി.എസ്.പി. ഫണ്ടുകളുടെ 10% തുക നിർബന്ധ വകയിരുത്തലായി ഉൾപ്പെടുത്തിയിട്ടുണ്ട്.

6. വനിത ഘടക പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള 10% തുകയുടെ കുറഞ്ഞത് 10% തുക വിധവകളുടെ ക്ഷേമത്തിനും വികസനത്തിനും വകയിരുത്താൻ നിഷ്കർഷിച്ചിട്ടുണ്ട്.

7. വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുമ്പോൾ 3% ഭിന്നശേഷിക്കാർക്കായി (അപേക്ഷകരുണ്ടെങ്കിൽ) മാറ്റി വയ്ക്കേണ്ടതാണ്.

8. തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ സ്കൂളുകളിൽ 40 പെൺകുട്ടികൾക്ക് ഒരു മൂത്രപ്പുരയും പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രത്യേക മൂത്രപ്പുരയും നിർമ്മിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

9. പ്രോജക്ടുകൾ പരിശോധിച്ച് അംഗീകാരം നൽകാൻ ചുമതലപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും ഒരു കേന്ദ്രത്തിൽവന്ന് ഒരുമിച്ചിരുന്ന് (ക്യാമ്പ് രീതിയിൽ) പ്രോജക്ടുകൾ പരിശോധിച്ച് അംഗീകാരം നടത്തുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട്.

10. ഭവന നിർമ്മാണം, സ്ഥലം വാങ്ങൽ എന്നിവയുൾപ്പെടെയുള്ള സബ്സിഡി മാനദണ്ഡങ്ങൾ കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്.

(സി) ഏതൊരു ഭരണ സമിതിയ്ക്കും രൂപീകരണവും നിർവ്വഹണവും നടത്താൻ കഴിയുന്ന രീതിയിൽ വിശദമായാണ് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുള്ളത്.

(ഡി) ഇല്ല.

നേഴ്സുമാരുടെ റിക്രൂട്ട്മെന്റ്

13 (*133) <u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിലേക്കുള്ള നേഴ്സുമാരുടെ റിക്രൂട്ട്മെന്റിലെ തട്ടിപ്പ് തടയാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly